**Day 54 of 90 days** ✝✝✝ **18th December 2017**

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഈ ലോകം നമുക്ക് സമാധാനമോ സന്തോഷമോ സ്വസ്ഥതയോ നൽകുകയില്ല. ലോകത്തിലേക്ക് നാം ഒന്ന് ഇറങ്ങിനോക്കിയാൽ പലതും അവിടെ ലഭിക്കുമെന്ന് നമുക്ക് തോന്നിയേക്കാം. പല തരത്തിലുള്ള പുല്ലുകൾ അവിടെ വളരുന്നുണ്ടാകാം. ഒരു പക്ഷെ, അവയിൽ കുറച്ചു തിന്ന് വയറ് നിറയ്ക്കുവാൻ നമുക്ക് കഴിഞ്ഞെന്നു വന്നേക്കാം. എന്നാൽ അവിടെ സ്വസ്ഥമായി കിടക്കുവാൻ നമുക്ക് കഴിയുമോ? അവിടെ വിശ്രമം നമുക്ക് ലഭിക്കുമോ? ലോകത്തിലേക്കിറങ്ങി, ലോകഇമ്പങ്ങൾ ആസ്വദിച്ചശേഷം അന്നു സമാധാനമായും സന്തോഷമായും സ്വസ്ഥമായും കിടന്നുറങ്ങുവാൻ നമുക്ക് കഴിയുമോ? നാം ഇന്ന് ഈ അനുഭവത്തിലായിരിക്കുകയാണോ? നാം ഒരിക്കൽ യേശുവിന്റെ ആടുകളായിരുന്നു. ഇപ്പോഴും അങ്ങനെയായിരുക്കുന്നു എന്ന് അഭിമാനിക്കുകയും അനുമാനിക്കുകയും ചെയ്യുന്നു. എന്നാൽ രക്ഷയുടെ സന്തോഷം ഇപ്പോഴും നാം അനുഭവിക്കുന്നുണ്ടോ? ഒരു ദൈവപൈതലിന് ഉ□ ായിരിക്കേണ്ടതായ സ്വസ്ഥതയും സമാധാനവും നമുക്ക് ഇപ്പോഴും അനുഭവപ്പെടുന്നുണ്ടോ? നമ്മുടെ സ്ഥാനം വിട്ട് നാം അല്പം ലോകത്തിലേക്ക് ഇറങ്ങിപ്പോയില്ലേ? അവിടെ കാണുന്ന പുല്ല്, ആരും കാണാതെ ഭക്ഷിച്ചിട്ട്, ആരും കാണാതെ മടങ്ങി വന്നിട്ട്, പഴയ സ്ഥാനത്തു കിടക്കാമെന്നും വിശ്രമിക്കാമെന്നും നാം വിചാരിച്ചു.

അക്ഷരപ്രകാരം അങ്ങനെ ചെയ്യുകയും ചെയ്തു. പക്ഷെ, നമ്മുടെ ഹൃദയം ഇന്നു നീറുകയല്ലേ? സമാധാനവും സന്തോഷവും നമ്മെ വിട്ടു പോയിരിക്കുകയല്ലേ? അസ്വസ്ഥത നമ്മെ ബാധിച്ചിരിക്കുകയല്ലേ? മററാരും ഈ വസ്തുത അറിഞ്ഞിട്ടില്ല എന്നതു ശരിയാണ്. പക്ഷെ, നാം അസ്വസ്ഥനാണ്. ഒരു കാര്യം നാം വ്യക്തമായി മനസ്സിലാക്കുക. ലോകത്തിന്റെ പുൽമേടുകളിൽ നിന്നും ഭക്ഷിച്ചതിനുശേഷം, കർത്താവിന്റെ പുൽമേടുകളിൽ വന്ന് കിടന്ന് അയവിറക്കാൻ നമുക്ക് സാധിക്കുകയില്ല. ലോകത്തിന്റെ പുൽമേടുകളിൽ നിന്നും പുല്ലു തിന്നാമെന്നല്ലാതെ, അവിടെ കിടക്കുവാനോ അയവിറക്കുവാനോ കഴിയുകയില്ലായെന്നു നമുക്കറിയാം. അവിടെ പലതും ആസ്വദിക്കുവാനുണ്ട്, പക്ഷെ അവിടെ നമുക്ക് ആനന്ദിക്കുവാൻ കഴിയുകയില്ല. അവിടെ പലതും ലഭിക്കും, എന്നാൽ ആശ്വാസം ലഭിക്കുകയില്ല. സ്നേഹിതാ, ശ്രദ്ധിക്കുക ലോകമാം പുൽമേടുകളിൽ കിടക്കുവാൻ സ്ഥലമില്ല. തികഞ്ഞ അസ്വസ്ഥതയോടെയും അരാജകത്വത്തിന്റെയും ജീവിതം അവസാനിപ്പിക്കുക മാത്രമേ കരണീയാമായിട്ടുള്ളു. എന്നാൽ യേശുവിന്റെ ആടുകൾക്കായി ഒരുക്കിയിരിക്കുന്ന പുല്ലുമേടുകളിൽ പുല്ലുകൾ മാത്രമല്ല, പുല്ലു തിന്നതിനുശേഷം അവിടെ കിടന്ന് അയവിറക്കുവാനും സ്ഥലമുണ്ട്. കർത്താവ് തന്റെ ജനത്തിനായി പ്രത്യേകാൽ ഒരുക്കിയിരിക്കുന്നതാണിത്.

തുടരും....